MONDAY 13-03-2023 തിങ്കളാഴ്ച

# FIB FARM NEWS

## എഫ്. ഐ. ബി. കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor : PADMAM S.** **Editor : Dr. BINU HARRIET IVAN**



**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186,2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-13/03/2023.

1. കേരള സംസ്ഥാന കടാശ്വാസ കമ്മീഷൻ മുഖേന കാർഷിക വായ്പകൾക്ക് നൽകിവരുന്ന ആനുകൂല്യത്തിനായി കർഷകർക്ക് ജൂൺ 30 വരെ അപേക്ഷിക്കാവുന്നതാണെന്ന് കൃഷിമന്ത്രി പി പ്രസാദ് പറഞ്ഞു. കടാശ്വാസ കമ്മീഷൻ മുഖേന കാർഷികവായ്പകൾക്കു നൽകിവരുന്ന കടാശ്വാസത്തിന് പരിഗണിക്കാവുന്ന വായ്പാ തീയതി ഇടുക്കി, വയനാട് ജില്ല ഒഴികെ മറ്റു എല്ലാ ജില്ലകളിലെയും പ്രളയബാധിത പ്രദേശങ്ങളിലെ കർഷകർക്ക് 2016 മാർച്ച് 31 വരെയും ഇടുക്കി വയനാട് ജില്ലകളിലെ കർഷകർക്ക് 2020 ആഗസ്റ്റ് 31 വരെയും ആയി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. മേൽ ആനുകൂല്യം കർഷകർക്ക് ലഭ്യമാക്കുന്നതിനായി 2023 ജനുവരി 1 മുതൽ ജൂൺ 30 വരെ കേരള സംസ്ഥാന കടാശ്വാസ കമ്മീഷനിൽ കർഷകർക്ക് കടാശ്വാസത്തിന് അപേക്ഷ നൽകാവുന്നതാണ്. കർഷകർ സഹകരണ ബാങ്കുകളിൽ/സംഘങ്ങളിൽ നിന്നും എടുത്ത വായ്പകൾക്ക് കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ മുഖേന നിലവിൽ പരമാവധി രണ്ട് ലക്ഷം രൂപ വരെയാണ് കടാശ്വാസം അനുവദിച്ചു വരുന്നളത്.

2. സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ 25 മെട്രിക് ടൺ വരെ ഉള്ളി സംഭരിച്ച് വയ്ക്കുന്നതിനുള്ള 'ഒണിയൻ സ്റ്റോറേജ് സ്ട്രക്ചർ' നിർമ്മിക്കുന്നതിന് യൂണിറ്റൊന്നിന് ചെലവിന്റെ 50% പരമാവധി 87500/- രൂപ ധനസഹായം നൽകുന്നു. കർഷകർ, കൂട്ടായ്മകൾ, സംരംഭകർ, കച്ചവടക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ എന്നിവർക്ക് അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക് സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ-കേരള, യൂണിവേഴ്സിറ്റി പി.ഒ., പാളയം, തിരുവനന്തപുരം, എന്ന മേൽവിലാസത്തിലോ, **0471 2330857, 9188954089** എന്ന ഫോൺ നമ്പരിലോ, www.shm.kerala.gov.in എന്ന വെബ്സൈറ്റിലോ ബന്ധപ്പെടുക.

2. ഇന്ത്യയിലെ റബ്ബറുത്പന്നനിർമ്മാതാക്കളുടെ വിവരങ്ങളടങ്ങുന്ന 'റബ്ബർ ഗുഡ്സ് മാനുഫാക്ചറേഴ്സ് ഡയറക്ടറി' യുടെ പരിഷ്കരിച്ച പത്താമത് പതിപ്പ് പുറത്തിറക്കി. സംസ്ഥാനാടിസ്ഥാനത്തിൽ ഉത്പന്നങ്ങൾ തിരിച്ച് അവയുടെ നിർമ്മാതാക്കളുടെ വിവരങ്ങളടങ്ങിയതാണ് ഈ ഡയറക്ടറി. സമഗ്രമായി

പരിഷ്ക്കരിച്ച ഈ പുതിയ പതിപ്പിൽ നിർമ്മാതാക്കളെ ബന്ധപ്പെടാനുള്ള ഫോൺ നമ്പർ, ഇ-മെയിൽ തുടങ്ങിയവ ഉൾപെടെയുള്ള വിശദാംശങ്ങൾ ഉണ്ട്. ഈ ഡയറക്ടറി റബ്ബറുത്പന്നനിർമ്മാതാക്കൾ, വ്യാപാരികൾ, നയരൂപവക്താക്കൾ തുടങ്ങി റബ്ബർമേഖലയുമായി ബന്ധപ്പെട്ടവർക്കെല്ലാം പ്രയോജനകരമാണ്. റബ്ബർ ഗുഡ്സ് മാനുഫാക്ചറേഴ്സ് ഡയറക്ടറിയുടെ ആദ്യ പതിപ്പ് 1987-ലാണ് പുറത്തിറങ്ങിയത്. ഡയറക്ടറി ആവശ്യമുള്ളവർ ഡെപ്യൂട്ടി ഡയറക്ടർ (മാർക്കറ്റിങ്), മാർക്കറ്റ് പ്രൊമോഷൻ ഡിവിഷൻ, ആർ.ആർ.ഐ.ഐ. ക്യാമ്പസ്, സെൻട്രൽ ലാബ് ബിൽഡിങ്, കോട്ടയം-686 009 എന്ന വിലാസത്തിൽ ബന്ധപ്പെടുകഫോൺ:0481 2353790/2354515/2354520 ഇമെയിൽ- marketpromotion@rubberboard.org.in, ddmarketing@rubberboard.org.in കൂടാതെ, റബ്ബർബോർഡിന്റെ പബ്ലിസിറ്റി ആന്റ് പബ്ലിക്റിലേഷൻസ് വിഭാഗത്തിലും ബോർഡിന്റെ സബ് ഓഫീസുകളിലും ഡയറക്ടറി ലഭ്യമാണ്. വില 800 രൂപ (തപാൽ ചെലവ് ഉൾപ്പെടെ)

**പരിശീലന പരിപാടി**

3. കേരള കാർഷിക സർവ്വകലാശാല ഇ -പഠന കേന്ദ്രം "തേനീച്ച വളർത്തൽ" എന്ന വിഷയത്തിൽ ഒരു ഓൺലൈൻ പരിശീലന പരിപാടിയുടെ പുതിയ ബാച്ച് 2023 മാർച്ച് 20 ന് തുടങ്ങുന്നു . കേരള കാർഷിക സർവ്വകലാശാലയിലെ ശാസ്ത്രജ്ഞരാണ് ഇതിൽ ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നത്. ഈ കോഴ്സിൽ ചേരുന്നതിന് 2023 മാർച്ച് 19 നകം രജിസ്റ്റർ ചെയ്യേണ്ടതാണ്. 20 ദിവസം ദൈർഘ്യമുള്ള ഈ കോഴ്സ് പൂർണ്ണമായും മലയാളത്തിലാണ് പരിശീലിപ്പിക്കുന്നത്. ഒൻപത് സെഷനുകളിലായി തയ്യാറാക്കിയ കോഴ്സ് കെ.എ.യു. MOOC പ്ലാറ്റ്ഫോമിലൂടെ പഠിതാവിന്റെ സൗകര്യാർത്ഥം പ്രയോജനപ്പെടുത്താവുന്നതാണ്. കമ്പ്യൂട്ടർ ഉപയോഗിച്ചോ മൊബൈൽ ഫോൺ (സ്മാർട്ട് ഫോൺ) ഉപയോഗിച്ചോ പഠനം നടത്താവുന്നതാണ്. ഫൈനൽ പരീക്ഷ പാസ്സാവുന്ന പഠിതാക്കൾക്ക് ആവശ്യമെങ്കിൽ സർട്ടിഫിക്കറ്റും നൽകുന്നതാണ്. സർട്ടിഫിക്കറ്റിന് നിശ്ചിത ഫീസ് ഈടാക്കുന്നതാണ്. www.celkau.in/MOOC/Default.aspx എന്ന ലിങ്കിൽ ക്ലിക് ചെയ്ത് ഈ പരിശീലന കോഴ്സിൽ രജിസ്റ്റർ ചെയ്യാം. രജിസ്റ്റർ ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങൾ മേൽ പറഞ്ഞ ലിങ്കിൽ ലഭ്യമാണ്.

രജിസ്റ്റർ ചെയ്തവർക്ക് മാർച്ച് 20 മുതൽ 'പ്രവേശനം' എന്ന ബട്ടൺ ക്ലിക് ചെയ്ത് യൂസർ ഐ ഡി യും പാസ്സ്‌വേർഡും ഉപയോഗിച്ച് ക്ലാസ്സുകളിൽ പങ്കെടുക്കാവുന്നതാണ്.

4. റബ്ബറുത്പാദനം സുസ്ഥിരമാക്കുന്നതിന് സഹായകമായ നൂതന കൃഷിരീതികളിൽ റബ്ബർബോർഡിന്റെ പരിശീലനവിഭാഗമായ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) ഓൺലൈൻ പരിശീലനം നൽകുന്നു. 2023 മാർച്ച് 16 -ന് ഉച്ചയ്ക്ക് 2.30 മുതൽ ഉച്ചയ്ക്ക് 4.30 വരെയാണ് പരിശീലനം. കൂടുതൽ വിവരങ്ങൾക്ക് 04812353127 എന്ന ഫോൺ നമ്പരിലോ 04812351313 എന്ന വാട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടാം.

**കാർഷിക നിർദ്ദേശങ്ങൾ**

5. കുരുമുളക് നഴ്സറി തയ്യാറാക്കുന്നതിന് ഫെബ്രുവരി-മാർച്ച് മാസത്തിൽ ചെന്തലകൾ മുറിച്ചെടുത്ത് നടാം. ഇതിനായി, മണ്ണ്, മണൽ, കാലിവളം എന്നിവ 1:1:1 എന്ന അനുപാതത്തിൽ ചേർത്ത് പൊളിത്തീൻ കൂടുകൾ നിറയ്ക്കാം. 18 X 12 സെന്റിമീറ്റർ വലുപ്പമുള്ള കവറുകളിൽ 15-20 തുളകൾ ഇട്ടുകൊടുക്കുക. ചെന്തലകളുടെ അഗ്രഭാഗത്തു നിന്നും കടഭാഗത്തു നിന്നും കുറച്ച് ഭാഗം മുറിച്ചുമാറ്റി 2 മുട്ടുകളുള്ള കഷണങ്ങളാക്കാം.. ഇലകളുടെ കുറ്റി മാത്രം നിർത്തി, ഒരു കവറിൽ 3 മുതൽ 4 കമ്പുകൾ വരെ നടാം.ഉടൻ തന്നെ തണൽ നൽകുകയും പുതയിടുകയും അല്പം നനയ്ക്കുകയും ചെയ്യുക. 3 മാസമാകുമ്പോൾ മാറ്റി നടാവുന്നതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം